# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം -ബി.പി-1937/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 28/12/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
2. അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), എറണാകുളം
3. ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ-ഇ.കെ.എം -ബി.പി-1937/22 തീയ്യതി: 28/12/2022

## എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മിനിമോൾ കെ ജി | ജോയിന്റ് ഡയറക്ടർ | 25-10-2022 | 29-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-10-2022 | 29-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ധീരജ് ജെ, ഓഡിറ്റ് ഓഫീസർ
സുസ്മിത കെ.വി., ഓഡിറ്റ് ഓഫീസർ
ഗോപകുമാർ എം.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കിരൺ കെ.എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മേരി ദേവസിക്കുട്ടി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.അജയ് എ ജെ | സെക്രട്ടറി | 01-04-2021 | 10-05-2021 |
| ശ്രീ.ബൈജു എം | സെക്രട്ടറി | 11-05-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. വി വി പുഷ്പ | മെഡിക്കൽ ഓഫീസർ , സി എച്ച് സി | 01-04-2021 | 31-03-2022 |
| ശ്രീ. ജോർജ് ജോസഫ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ശ്രീജ ജി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. എൽദോസ് എം പി | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ശ്രീലേഖ ബി ആർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി. അജിതാമോൾ കെ എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. സണ്ണി കെ പി | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ദേവി എൻ. | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2021 | 12-07-2021 |
| ശ്രീമതി. സായാഹ്ന കെ.ജെ | ശിശു വികസന പദ്ധതി ഓഫീസർ | 13-07-2021 | 01-11-2021 |
| ശ്രീമതി. സോയ സദാനന്ദൻ | ശിശു വികസന പദ്ധതി ഓഫീസർ | 02-11-2021 | 31-03-2022 |
| ശ്രീമതി. സായാഹ്ന കെ.ജെ | ശിശു വികസന പദ്ധതി ഓഫീസർ അഡീഷണൽ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക-അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ക്ഷേമപെൻഷനുകൾ | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | സി.ഡി.പി.ഒ(അഡീഷണൽ)സംയുക്തപദ്ധതികൾക്കായി നൽകിയ തുകകളുടെ വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല. | 1-11 |
| 13 | സാക്ഷരതാപ്രേരകിന് ഹൊണറേറിയം- സാക്ഷരതാമിഷനിൽ നിന്നുംതിരികെ ലഭ്യമാക്കേണ്ടതാണ് | 1-12 |
| 14 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടില്ല. | 1-13 |
| 15 | വനിത വികസനകേന്ദ്രങ്ങൾ - ലക്ഷ്യപ്രാപ്തി കൈവരിക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്. | 1-14 |
| 16 | വനിതാ സ്വയംസഹായ സംഘങ്ങൾക്ക് ധനസഹായം- വിപണനസാധ്യതകൾ ഉറപ്പുവരുത്തേണ്ടതാണ്. | 1-15 |
| 17 | എസ്.സി.വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് പദ്ധതി- അപാകതകൾ | 1-16 |
| 18 | പഠനമുറി നിർമ്മാണം - പൂർത്തീകരിച്ചിട്ടില്ല, പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങളില്ല. | 1-17 |
| 19 | ലൈബ്രറി സ്റ്റോക്ക് രജിസ്റ്റർ ശരിയാംവണ്ണം രേഖപ്പെടുത്തി സൂക്ഷിച്ചില്ല. | 1-18 |
| 20 | വിനിയോഗ വിവരം (ഐ.കെ.എം) ലഭ്യമായിട്ടില്ല. | 1-19 |
| 21 | കോവിഡ് പ്രതിരോധ നിർമ്മാർജന സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ - വിശദാംശങ്ങളില്ല. | 1-20 |
| 22 | കേരള വാട്ടർ അതോറിറ്റി-ക്ക് നിക്ഷേപ പ്രവർത്തികൾക്കായി നൽകിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല. | 1-21 |
| 23 | എസ്.സി കോളനിയിൽ കുടിവെള്ള വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ.- | 1-22 |

| | | |
|---|---|---|
| | അപാകത. | |
| 24 | കെൽട്രോണിൽ നിന്നും സ്കാനർ ലഭ്യമായില്ല | 1-23 |
| 25 | തുക മുൻകൂർ നൽകിയെങ്കിലും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമായിട്ടില്ല | 1-24 |
| 26 | മുൻകൂർ തുക നൽകിയിട്ടും കമ്പ്യൂട്ടർ അനുബന്ധഉപകരണങ്ങൾ ലഭ്യമായില്ല | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകളുടെ വിവരം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

18/02/2021-ാം തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 11/03/2022 - ാം തീയതിയിലെ 4(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വിവരം താഴെ ചേർക്കുന്നു.

| | പരിഷ്കരിച്ച ബജറ്റ് പ്രകാരം | ധനകാര്യ പത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 4721716 | 2360233 | 2361483 |
| വരവ് | 81085500 | 65649631 | 15435869 |
| ആകെ | 85807216 | 68009864 | 17797352 |
| ചെലവ് | 84641604 | 65584247 | 19057357 |
| നീക്കിയിരിപ്പ് | 1165612 | 2425617 | -1260005 |

ബജറ്റ് പ്രകാരമുള്ള വരവ്-ചെലവും യഥാർത്ഥ വരവ്-ചെലവും തമ്മിൽ വ്യത്യാസം കാണുന്നു. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 02.06.2022 | - | - |

### 1-2-1 വാർഷിക ധനകാര്യപത്രിക-അപാകതകൾ

1. ബ്ലോക്ക് പഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഭരണച്ചെലവുകൾക്ക് വേണ്ടി ചെലവഴിച്ച തുകയുടെ വരവ്-ചെലവ് കണക്കുകൾ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകുന്ന തുകകൾ വാർഷികധനകാര്യപത്രികയിൽ രേഖപ്പെടുത്തുന്നില്ല (RP47,B18). വിവിധ പദ്ധതി നിർവ്വഹണത്തിനായി കേരള വാട്ടർ അതോറിറ്റിക്ക് ആകെ 30,24,000/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും വാർഷികധനകാര്യപത്രികയിലെ B-18 ഷെഡ്യൂളിൽ Advance To Implementing Agencies - എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ വാട്ടർ അതോറിറ്റിക്ക് നൽകിയ 91,185/- രൂപ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.
3. 2021-2022 സാമ്പത്തിക വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Un Tied ൽ വർഷാവസാനം 20% അധികഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് അലോട്ട്മെന്റ് ലഭ്യമാകുമെന്ന് ഉത്തരവ് ലഭിച്ചതിനെത്തുടർന്ന് ഈ അധിക ഫണ്ടിന് പ്രൊജക്ട് വെച്ചെങ്കിലും അക്കൗണ്ടിൽ ആ വർഷം അധിക അലോട്ട്മെന്റ് ക്രെഡിറ്റായില്ല. എന്നാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Un Tied ഫണ്ടും, ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Tied ഫണ്ടും ഒരേ ബാങ്ക് അക്കൗണ്ടിൽ തന്നെയാണ് ക്രഡിറ്റ് ചെയ്യുന്നത് എന്നതിനാൽ Un Tied ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുള്ള ഈ അധിക പ്രൊജക്ട് ചെലവ് ഈ അക്കൗണ്ടിൽ നിന്ന് തന്നെ നല്കി. അതേസമയം യഥാർത്ഥത്തിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Un Tiedൽ ഈ പ്രൊജക്ടുകൾക്ക് തുക ഉണ്ടായിരുന്നില്ല. അതിനാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Un Tied ഫണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ (-) Ve ബാലൻസ് ആണ് വന്നിരിക്കുന്നത്. ഈ അപാകത പരിഹരിക്കേണ്ടതാണ്.

4. ആസ്തി ആർജിക്കുന്ന തുക ക്യാപിറ്റൽ കോൺട്രിബ്യൂഷൻ - വികസനഫണ്ട് എന്ന ഹെഡിലേക്ക് ചേർക്കുന്നില്ല.

5. ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂളിൽ മഞ്ചപ്ര ഗ്രാമപഞ്ചായത്തുമായുള്ള സംയുക്തപ്രൊജക്ടിന് വേണ്ടി മുൻവർഷങ്ങളിൽ ലഭ്യമായ ബയോഗ്യാസ് പ്ലാന്റിനുവേണ്ടി നീക്കിവെച്ചിരുന്ന തുക 105000/- ചെലവഴിച്ചിട്ടില്ല. ടി തുക ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിലാണ് ക്രഡിറ്റ് ചെയ്തിരിക്കുന്നത്. ടി തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 3/28.10.22 ന് ലഭിച്ച മറുപടി പരിഗണിച്ച് ശേഷമുള്ള അപാകതകളാണ് ചേർത്തിട്ടുള്ളത്.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 23,60,233 |
| വരവ് | 6,56,49,631 |
| ആകെ | 6,80,09,864 |
| ചെലവ് | 6,55,84,247 |
| നീക്കിയിരിപ്പ് | 24,25,617 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 73,95,457 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ (ACR പ്രകാരം) | 0 | 2,46,55,538 | 2,46,55,538 | 2,16,06,632 | 30,48,906 | 0 |
| വികസനഫണ്ട്- എസ്.സി.പി. (ACR പ്രകാരം) | 0 | 1,13,92,000 | 1,13,92,000 | 1,13,92,000 | 0 | 0 |
| വികസനഫണ്ട്- ടി.എസ്.പി. (ACR പ്രകാരം) | 0 | 1,86,700 | 1,86,700 | 0 | 1,86,700 | 0 |
| സംരക്ഷണഗ്രാന്റ്- നോൺറോഡ് (ACR പ്രകാരം) | 0 | 76,47,353 | 76,47,353 | 66,07,984 | 10,39,369 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied (ACR പ്രകാരം) | 0 | 91,46,336 | 91,46,336 | 75,43,105 | 16,03,231 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Untied (ACR പ്രകാരം) | 0 | 50,25,342 | 50,25,342 | 58,15,002 | -7,89,660* | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| 320100115 - TSC | 6,11,133 | 18862 (പലിശ) | 6,29,995 | 76310 | 0 | 5,53,685 |
| 320100195 – Central Fund | 17338 | 482(പലിശ) | 17820 | 0 | 0 | 17820 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| 350200301 - Covid | 1,34,850 | 0 | 1,34,850 | 26,750 | 0 | 1,08,100 |

* പട്ടികവർഗ്ഗ ഉപപദ്ധതിക്കുവേണ്ടി ലഭ്യമായ 186700/- രൂപ ചെലവഴിക്കാതെ ലാപ്സായി പോയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പരിധിക്കുള്ളിൽ അർഹരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ ഉണ്ടെങ്കിൽ ടി തുക അനുയോജ്യമായ പ്രൊജക്ടുകൾ ആവിഷ്കരിച്ച് ചെലവഴിക്കാവുന്നതായിരുന്നു. മേൽവിഷയം ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. 2021-2022 സാമ്പത്തിക വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Untied ൽ വർഷാവസാനം 20% അധികഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് അലോട്ട്മെന്റ് ലഭ്യമാകുമെന്ന് ഉത്തരവ് ലഭിച്ചതിനെത്തുടർന്ന് ഈ അധിക ഫണ്ടിന് പ്രൊജക്ട് വെച്ചെങ്കിലും അക്കൗണ്ടിൽ ആ വർഷം അധിക അലോട്ട്മെന്റ് ക്രഡിറ്റായില്ല. എന്നാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Un Tied ഫണ്ടും, ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied ഫണ്ടും ഒരേ ബാങ്ക്

അക്കൗണ്ടിൽ തന്നെയാണ് ക്രഡിറ്റ് ചെയ്യുന്നത് എന്നതിനാൽ Untied ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുള്ള ഈ അധിക പ്രൊജക്ട് ചെലവ് ഈ അക്കൗണ്ടിൽ നിന്ന് തന്നെ നല്കി. അതേസമയം യഥാർത്ഥത്തിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Untiedൽ ഈ പ്രൊജക്ടുകൾക്ക് തുക ഉണ്ടായിരുന്നില്ല. അതിനാലാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Untied ഫണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ (-) Ve ബാലൻസ് വന്നിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 105 | 80453542 | 87 | 55111248 | 10 | 8 | 82.86% |

## 1-6 ക്ഷേമപെൻഷനുകൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 13341.50 | 452506 | 465847.50 | 465239 | 608.50 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | - | - | - | - |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-10-2022-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത തീയതിയിൽ ക്യാഷ് ബാലൻസ് ഒന്നുമില്ലെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1.ബ്ലോക്ക് പഞ്ചായത്തിൽ മുൻകൂർ തുകകൾ നല്കുമ്പോൾ അഡ്വാൻസ് രജിസ്റ്ററിൽ കൃത്യമായി ചേർത്ത് വരുന്നില്ല . മുൻകൂർ കൈപ്പറ്റിയ തുകകൾ പിന്നീട് അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമായി മോണിറ്റർ ചെയ്യാൻ സാധിക്കുന്നില്ല.
2. ഡെപ്പോസിറ്റ് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി പരിപാലിക്കുന്നില്ല.
3.വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്ത തരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. ഓഡിറ്റ് വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്ടുകളുടെ ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.
മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച കാലയളവ് |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 30.07.2021 | 2020-21 | 08.09.2021 |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.02.2022 | 2016-17 മുതൽ 2020-21 വരെ | 12.04.2022 |

## 1-11 സി.ഡി.പി.ഒ(അഡീഷണൽ)സംയുക്തപദ്ധതികൾക്കായി നൽകിയ തുകകളുടെ വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല.

സി.ഡി.പി.ഒ(അഡീഷണൽ)നിർവഹണം നടത്തിയ താഴെ പറയുന്ന സംയുക്തപദ്ധതികൾക്കായി വിവിധ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതമായി പദ്ധതി തുക നൽകിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല.

A. പ്രൊജക്ട് - ശാരീരിക മാനസികവെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ (53/22)

അടങ്കൽ - 1187500 (പ്ലാൻ ഫണ്ട്)

ചെലവ് - 1187500

| ബിൽ നം. | തുക | ഗ്രാമപഞ്ചായത്ത് |
|---|---|---|
| 167/ 17.1.22 | 350000 | തുറവൂർ |
| 166/17.1.22 | 400000 | കാലടി |
| 168/17.1.22 | 437500 | കാഞ്ഞൂർ |

മൂന്ന് ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്കായാണ് തുക അനുവദിച്ചത്. പദ്ധതി തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 1187500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

B. പ്രൊജക്ട് - അനുപൂരകപോഷകാഹാരം വിഹിതം നൽകൽ (79/22)
അടങ്കൽ - 1200000 (CFC)
ചെലവ് - 1200000
അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് താഴെ ചേർക്കുന്നു

| ബിൽ നം | തുക |
|---|---|
| 228/22-2-22 | 400000 |
| 230/24.2.22 | 400000 |
| 245/10.3.22 | 400000 |
| | 1200000 |

ബില്ലുകളോ മറ്റ് ചെലവ് രേഖകളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതി തുക ഏതെല്ലാം പഞ്ചായത്തുകൾക്കാണ് നൽകിയത് എന്നും തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ 1200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-12 സാക്ഷരതാപ്രേരകിന് ഹൊണറേറിയം- സാക്ഷരതാമിഷനിൽ നിന്നുംതിരികെ ലഭ്യമാക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്തിലെ 3 സാക്ഷരതാപ്രേരകമാരുടെ ഹൊണറേറിയം നൽകുന്നതിനായി പൊതുആവശ്യ ഗ്രാന്റിൽ നിന്നും താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ചെക്ക് നം | തുക | |
|---|---|---|
| 5922663/20.4.21 | 25830 | 2021ഫെബ്രുവരി മാസത്തെ ഹൊണറേറിയം |
| 5922174/24.5.21 | 28230 | 2021 മാർച്ച് മാസത്തെ ഹൊണറേറിയം |
| | 54060 | |

സാക്ഷരതാ മിഷനാണ് പ്രേരക് മാരുടെ വേതനം നൽകേണ്ടത്. സാക്ഷരതാ മിഷനിൽ ഫണ്ടിന്റെ അപര്യാപ്തത ഉള്ളതിനാൽ താൽക്കാലികമായി മൂന്ന് മാസത്തെ വേതനം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും നൽകണമെന്നും പിന്നീട് സാക്ഷരതാമിഷനിൽ നിന്നും തുക തിരികെ വാങ്ങണമെന്നും G.O(Rt) 626/21/LSGD/26.2.21 പ്രകാരം നിർദേശിച്ചിരുന്നു. എന്നാൽബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും നൽകിയ തുക സാക്ഷരതാമിഷനിൽ നിന്നും തിരികെ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി - 4/28.10.22- മറുപടി ലഭിച്ചില്ല).
സാക്ഷരതാമിഷനിൽ നിന്നും തുക തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

1-13 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടില്ല.

പ്രൊജക്ട് - ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ (76/22)
നിർവഹണം- സി.ഡി.പി.ഒ
അടങ്കൽ - 550000
ചെലവ് - 505594
ബിൽ നം - 170/19.1.22 - 51780

345/30.3.22 - 73314
348/30.3.22 - 380500

അങ്കമാലി ബ്ലോക്ക് ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലേക്ക് തെറാപ്യൂട്ടിക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 505594 രൂപ പദ്ധതിഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 2020-21 വർഷം ഫർണീച്ചർ വാങ്ങുന്നതിനായി 1,99,323/- രൂപയും പദ്ധതിഫണ്ടിൽ നിന്നും ചെലവഴിച്ചിരുന്നു. (പ്രൊജക്ട് - 134/21). ഫർണീച്ചറും ഉപകരണങ്ങളും വാങ്ങി വർഷങ്ങൾ കഴിഞ്ഞിട്ടും ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് 2000-01 വർഷം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച വൃദ്ധസദനവും അതിലെ ഫർണീച്ചറുകളും ഉപയോഗിക്കപ്പെടാതെ നിഷ്ക്രിയ ആസ്തിയായി മാറുകയും തുടർന്ന് ബ്ലോക്ക് പഞ്ചായത്തിന്റെ അപേക്ഷ പ്രകാരം സർക്കാർ പ്രസ്തുത കെട്ടിടവും അനുബന്ധസൗകര്യങ്ങളും National Institute Of Physical Medicine And Rehabilitation (NIPMR) ന്റെ സാറ്റലൈറ്റ് സെന്ററായി ഭിന്നശേഷിക്കാർക്ക് ചികിത്സയും സേവനവും ലഭ്യമാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുകയും (സ.ഉ(സാധ) 830/2020/തസ്വഭവ /6.5.2020) ചെയ്തിട്ടുണ്ട്. നിലവിലുള്ള ആസ്തികൾക്ക് മേൽ കൂടുതൽ പണം ചെലവഴിക്കുന്നത് ഒഴിവാക്കണം എന്ന വ്യവസ്ഥയോടെയാണ് അനുമതി നൽകിയത്.

2020-21-2021-22 വർഷങ്ങളിലായി 704917/- രൂപ ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങിയെങ്കിലും ബഡ്സ് സെന്റർ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.5/28.10.2022ന് മറുപടി ലഭിച്ചില്ല.)

നിഷ്ക്രിയ ആസ്തിയായ വൃദ്ധസദനം കെട്ടിടം ഉപയോഗപ്പെടുത്തുന്നതിനായി വീണ്ടും ഫണ്ട് ചെലവഴിച്ച് ബഡ്സ് സെന്ററിനാവശ്യമായ ഉപകരണങ്ങളും ഫർണിച്ചറും വാങ്ങിയെങ്കിലും ഇവയും ഉപയോഗപ്രദമാവാതെ നിഷ്ക്രിയമായി അവശേഷിക്കുന്നു. നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിയും അടിയന്തിരനടപടികൾ സ്വീകരിച്ച് ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനക്ഷമമാക്കേണ്ടതാണ്. സെന്റർ പ്രവർത്തനക്ഷമാക്കുന്നത് വരെ ഫർണിച്ചറിനായി ഓഡിറ്റ് വർഷം ചെലവഴിച്ച 505594 രൂപ തടസ്സപ്പെടുത്തുന്നു.

## 1-14 വനിത വികസനകേന്ദ്രങ്ങൾ - ലക്ഷ്യപ്രാപ്തി കൈവരിക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

I.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് , നമ്പർ | പറമ്പയം വനിത വികസന കേന്ദ്രം -മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് ,S043/22 |
| അടങ്കൽ | 5,00,000/- |
| കരാർ തുക | 4,78,541/- + GST |
| കരാറുകാരൻ | ശ്രീ. ജിതിൻ സേവ്യർ |
| എഗ്രിമെന്റ് നമ്പർ, തീയതി | 16/AE/LSGD/ABP/2021-22 01/01/2022 |
| ചെലവ് 4,36,092 | 1) 3,33,991/- ( ട്രഷറി ബിൽ നം. 28/21-22 തീയതി. 23/08/21) 2) 1,02,101/- ( ട്രഷറി ബിൽ നം. 353/21-22 തീയതി. 30/03/22) |

2021-2022 വർഷം അംഗീകാരം കിട്ടി 30/10/2021-ൽ ടെൻഡർ ചെയ്ത "പറമ്പയം വനിത വികസന കേന്ദ്രം -മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് " എന്ന പ്രൊജക്ടിന് രണ്ട് കരാറുകാർ ഇ- ടെൻഡർ സമർപ്പിക്കുകയും 7.20 % Average Below നിരക്കിൽ 4,78,541/- രൂപ ടെൻഡർ ചെയ്ത ശ്രീ. ജിതിൻ സേവ്യർ എന്നയാൾക്ക് കരാർ ഉറപ്പിച്ച് നല്കുകയും ചെയ്തിട്ടുണ്ട്. 01/01/2022 ൽ ശ്രീ. ജിതിൻ സേവ്യർ പഞ്ചായത്തുമായി ഒപ്പുവെച്ച കരാർ പ്രകാരം 4 മാസമായിരുന്നു കരാർ കാലാവധി.

മൂക്കന്നൂർ ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള പറമ്പയം അങ്കണവാടിക്കെട്ടിടത്തിന് മുകളിൽ വനിത വിപണന കേന്ദ്രം പണിയുക എന്നതാണ് പ്രൊജക്ടിൽ ലക്ഷ്യമിട്ടിരുന്നത്. എസ്റ്റിമേറ്റിൽ നിഷ്കർഷിച്ച പ്രകാരം അങ്കണവാടിയുടെ മുകളിൽ ഹാൾ നിർമ്മിച്ച് ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള അടിസ്ഥാനസൌകര്യങ്ങൾ ചെയ്തിട്ടുണ്ട്. പണി പൂർത്തീകരിച്ച് കരാറുകാരന് ഫൈനൽ ബിൽത്തുകയും നല്കിയിട്ടുണ്ട്.

II.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് , നമ്പർ | പിരാവൂർ തലാശ്ശേരി അങ്കണവാടി നം.44 വനിത വികസന കേന്ദ്രം -കാലടി ഗ്രാമപഞ്ചായത്ത് , S027/22 |
| അടങ്കൽ | 9,00,000/- |
| കരാർ തുക | 6,88,739/- + GST |

| | |
|---|---|
| കരാറുകാരൻ | ശ്രീ. സിബി കെ.പി. |
| എഗ്രിമെന്റ് നമ്പർ , തീയതി | 38/AE/LSGD/ABP/2021-22 12/12/2021 |
| ചെലവ് 7,71,381 | 1) 4,96,895/- (ട്രഷറി ബിൽ നം. 234/21-22 തീയതി. 20/03/22)<br>2) 2,74,494/- (ട്രഷറി ബിൽ നം. 336/21-22 തീയതി. 30/03/22) |

2021-2022 വർഷം അംഗീകാരം കിട്ടി 30/10/2021-ൽ ടെൻഡർ ചെയ്ത "പിരാവൂർ തലാശ്ശേരി അങ്കണവാടി നം.44 വനിത വികസന കേന്ദ്രം-കാലടി ഗ്രാമപഞ്ചായത്ത് " എന്ന പ്രൊജക്ടിന് രണ്ട് കരാറുകാർ ഇ-ടെൻഡർ സമർപ്പിക്കുകയും 14.25 % Average Below നിരക്കിൽ 6,88,739/- രൂപ ടെൻഡർ ചെയ്ത ശ്രീ. സിബി കെ.പി. എന്നയാൾക്ക് കരാർ ഉറപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. 01/01/2022 ൽ ശ്രീ. സിബി കെ.പി. പഞ്ചായത്തുമായി ഒപ്പുവെച്ച കരാർ പ്രകാരം 6 മാസമായിരുന്നു കരാർ കാലാവധി.

കാലടി ഗ്രാമപഞ്ചായത്തിലെ പിരാവൂർ തലാശ്ശേരി അങ്കണവാടി നം.44 -ന് മുകളിൽ വനിത വിപണന കേന്ദ്രം പണിയുക എന്നതാണ് പ്രൊജക്ടിൽ ലക്ഷ്യമിട്ടിരുന്നത്. എസ്റ്റിമേറ്റിൽ നിഷ്കർഷിച്ച പ്രകാരം അംഗൻവാടിയുടെ മുകളിൽ ഹാൾ നിർമ്മിച്ച് ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള അടിസ്ഥാനസൌകര്യങ്ങൾ ചെയ്തിട്ടുണ്ട്.

എന്നാൽ വനിത വിപണനകേന്ദ്രം എന്ന പ്രൊജക്ടിൽ ഉദ്ദേശിച്ചപ്രകാരം ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനം നടത്തുന്നതിനുള്ള ഒരു സാധ്യത മേൽപ്പറഞ്ഞ രണ്ട് പ്രൊജക്ടുകളിലും കാണാൻ കഴിഞ്ഞില്ല. നിലവിലുള്ള അങ്കണവാടിക്കെട്ടിടത്തിന് മുകളിലാണ് ഈ രണ്ട് വനിത വിപണനകേന്ദ്രങ്ങളും പണിതിട്ടുള്ളത്. ഇവിടെ വനിതവ്യവസായ വിപണനകേന്ദ്രം എന്നതിന്റെ ഫീസിബിലിറ്റി സ്റ്റഡിയോ, വിപണിസാധ്യതയോ പരിഗണിച്ചതായി കാണുന്നില്ല. ഓരോ സാമ്പത്തികവർഷത്തെയും വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങുന്നതിനായി സെക്ടർതിരിച്ചും, വിഭാഗം തിരിച്ചും ഫണ്ട് വകയിരുത്തേണ്ടതുണ്ട്. ആയതിനായി വനിതാ ഘടകപദ്ധതി വിഭാഗത്തിൽ ഉത്പാദനമേഖലയിൽ ഫണ്ട് വിഹിതം വകയിരുത്തേണ്ടതുള്ളതിനാൽ വനിത വിപണനകേന്ദ്രം എന്ന പേരിൽ പ്രൊജക്ട് രൂപീകരിക്കപ്പെട്ടു എന്നാണ് വ്യക്തമാകുന്നത്. അതേസമയം അങ്കണവാടികെട്ടിടത്തോടനുബന്ധിച്ച് ഇപ്രകാരം ഒരു ഹാൾ പണികഴിപ്പിച്ചതുകൊണ്ട് സ്ത്രീകൾക്കും, കുട്ടികൾക്കും ആവശ്യമായ ക്ലാസ്സുകൾ, യോഗങ്ങൾ എന്നിവ നടത്താനാകും. എന്നാൽ പ്രൊജക്ടിന്റെ പേര് സൂചിപ്പിച്ചതുപോലെ ഒരു വിപണനകേന്ദ്രം തുടങ്ങാനുള്ള സാധ്യത നിലവിലില്ല.

മേൽസാഹചര്യത്തിൽ പ്രൊജക്ടുകൾ രൂപവല്ക്കരിച്ച് ആയത് നടപ്പാക്കുമ്പോൾ പ്രൊജക്ടിൽ എന്തു വിഭാവനം ചെയ്തുവോ ആയത് ഫലപ്രാപ്തിയിലെത്തിക്കാനുള്ള പ്രവർത്തനങ്ങൾകൂടി ന പഞ്ചായത്ത് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 വനിതാ സ്വയംസഹായ സംഘങ്ങൾക്ക് ധനസഹായം-വിപണനസാധ്യതകൾ ഉറപ്പുവരുത്തേണ്ടതാണ്.

I.

| | |
|---|---|
| പ്രൊജക്ടിന്റെ പേര്, നമ്പർ | വനിതാ സ്വയംസഹായ സംഘങ്ങൾക്ക് ധനസഹായം, S064/22 |
| അടങ്കൽ | 18,00,000/-(വികസനഫണ്ട്) + 3,00,000 (വായ്പ) = 21,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഇൻഡസ്ട്രിയൽ എക്സ് റ്റെൻഷൻ ഓഫീസർ |
| ഫൈനൽ ബിൽ തുക | 1) 9,00,000/- ( ട്രഷറി ബിൽ നം. 1/21-22 തീയതി. 15/03/22)<br>2) 6,00,000/- ( ട്രഷറി ബിൽ നം. 2/21-22 തീയതി. 15/03/22) |

2021-2022 വർഷം അംഗീകാരം കിട്ടി നടപ്പാക്കിയ ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കളുടെ സ്വയംസഹായഗ്രൂപ്പുകൾക്ക് ധനസഹായം എന്ന പ്രൊജക്ടിന്റെ ഭാഗമായി 5 ഗ്രൂപ്പുകൾക്ക് ധനസഹായം നല്കിയിട്ടുണ്ട്.

ജി.ഒ( എം.എസ്.) നം.22/18 ത.സ്വ.ഭ.വ തീയതി. 14/02/2018 ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.4(4) പ്രകാരം കുറഞ്ഞത് 5 പേരുള്ള വനിതകളുടെ ഗ്രൂപ്പുകൾക്ക് ആകെ പ്രൊജക്ട് കോസ്റ്റിന്റെ 85% ( പരമാവധി 3,00,000/- രൂപ) എന്ന പരിധിക്ക് വിധേയമായിട്ടാണ് ഈ ഗ്രൂപ്പുകൾക്ക് ധനസഹായം ബാക്ക് എൻഡ് സബ്സിഡി വായ്പയായി നല്കിയത്. വായ്പ തുക വായ്പ നല്കുന്ന ബാങ്കിന്റെ അക്കൌണ്ടിലേക്കാണ് നല്കിയിരിക്കുന്നത്.

| സ്വയംസഹായഗ്രൂപ്പുകൾ | നല്കിയ സബ്സിഡി തുക | സംരംഭം/ |
|---|---|---|
| ഗ്രീനാ എസ് .എച്ച്,ജി. മലയാറ്റൂർ | 3,00,000 | തയ്യൽ യൂണിറ്റ് |
| മൂൺറൈസ് എസ് .എച്ച്,ജി, കറുകുറ്റി | 3,00,000 | ക്ലോത്ത് ബാഗ് നിർമ്മാണം |
| മരിയൻ എസ് .എച്ച്,ജി. ഉറവൂർ | 3,00,000 | LED ബൾബ് നിർമ്മാണം |
| ഐശ്വര്യ എസ് .എച്ച്,ജി, കാഞ്ഞൂർ | 3,00,000 | തയ്യൽ യൂണിറ്റ് |
| വി-വൺബേക്ക്സ്എസ്.എച്ച്,ജി,മൂക്കന്നൂർ | 3,00,000 | പലഹാര നിർമ്മാണം |

ഓഡിറ്റ് വേളയിൽ മേൽപ്പറഞ്ഞ ഗ്രൂപ്പുകളുടെ പ്രവർത്തനം സംബന്ധിച്ച് അന്വേഷണം നടത്തിയപ്പോൾ തയ്യൽ യൂണിറ്റും, പലഹാരയൂണിറ്റും ഒഴിച്ച് മറ്റ് രണ്ട് യൂണിറ്റുകളും പ്രാരംഭദശയിൽ തന്നെയാണെന്ന് വ്യക്തമായി. ക്ലോത്ത് ബാഗ് നിർമ്മാണയൂണിറ്റും, LED ബൾബ് നിർമ്മാണയൂണിറ്റും പ്രവർത്തിക്കുന്നുണ്ടെങ്കിലും, അവരുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താനാകുന്നില്ല. ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കൾ എന്ന നിലയിൽക്കൂടിയാണ് ഈ ഗ്രൂപ്പുകൾക്ക് മുൻഗണന നല്കി ആനുകൂല്യം നല്കിയത്. കുട്ടികളുടെ ശുശ്രൂഷയും, മറ്റ് പരിമിതികളും മൂലം ഈ ഗ്രൂപ്പ് അംഗങ്ങൾക്ക് അവരുടെ പരിധിക്കുള്ളിൽ നിന്ന് മാത്രമേ വിപണി കണ്ടെത്താനാകുന്നുള്ളു എന്ന പോരായ്മയുണ്ട്.

ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ വനിതാ സ്വയംതൊഴിൽ സംരംഭകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള ഭൌതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയും,ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും, എ.ഡി.എസ്സും പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-16 എസ്.സി.വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് പദ്ധതി- അപാകതകൾ

പ്രൊജക്ട് – എസ്.സി.വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് ( 62/22)
നിർവ്വഹണം - എസ്.സി.വികസന ഓഫീസർ
അടങ്കൽ - പ്ലാൻ - 2300000
ചെലവ് - 2295000
ബിൽ നം - 78/20.10.21 – 1390000
79/20.10.21 -270000
86/20.10.21 – 240000
111/30.11.21–280000
130/16.12.21-25000
181/31.1.22-90000
------------------------
ആകെ–2295,000/-
===================

നിർവഹണ ഉദ്യോഗസ്ഥൻ പത്രപരസ്യം നൽകിയാണ് പദ്ധതിക്കായി ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത് . ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി 24.9.21 ലെ 2(2) നമ്പർ തീരുമാനപ്രകാരം ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കുകയും വിവിധ പഞ്ചായത്തുകളിലെ 100 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭയോ പഞ്ചായത്ത് കമ്മിറ്റിയോ അംഗീകരിച്ചതായി രേഖയില്ല.

സ.ഉ.(കൈ) 22/2018, ത.സ്വ.ഭ.വ, തീയ്യതി 14.02.2018 -ലെ ഖണ്ഡിക 7.2.6 പ്രകാരം താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

I) ആനുകൂല്യം നൽകുന്നതിന് മുമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഗുണഭോക്താവിനെ ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ചു കൊണ്ടുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം എടുക്കേണ്ടതാണ്.

Ii) ഗ്രാമസഭാകമ്മിറ്റിയിലും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതുമായ ലിസ്റ്റ് പ്രകാരമുള്ളവർക്ക് മാത്രമേ ആനുകൂല്യം നൽകാവൂ.

മേൽ പറഞ്ഞ നടപടിക്രമങ്ങൾ പാലിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയത്. ഓഡിറ്റ് എൻക്വയറി നം.6/28.10.2022ന് മറുപടിയായി സാധൂകരണം ലഭ്യമാക്കുവാനായി കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമസഭയിൽ നിന്നും ഗുണഭോക്തൃലിസ്റ്റ് സാധൂകരിച്ച് വാങ്ങേണ്ടതും ഭാവിയിൽ സബ്സിഡി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ പാലിച്ചുമാത്രം പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-17 പഠനമുറി നിർമ്മാണം - പൂർത്തീകരിച്ചിട്ടില്ല, പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങളില്ല.

പ്രൊജക്ട് - പട്ടികജാതി കുട്ടികൾക്ക് പഠനമുറി (63/22)
നിർവ്വഹണം - എസ്.സി.വികസന ഓഫീസർ
അടങ്കൽ - പ്ലാൻ (എസ്.സി.പി)- 1200,000
ചെലവ് - 90000

| BRN No | തിയതി | തുക |
|---|---|---|
| 2111096301740072 6732 | 30.11.21 | 300000 |
| 2111096301740098 8402 | 18.1.22 | 225000 |
| 2111096301740011 09881 | 11.2.22 | 75000 |
| 2111096301740012 65239 | 7.3.22 | 75000 |
| 2111096301740009 9589 | 19.3.22 | 225000 |

പദ്ധതി പ്രകാരം 2021-22 ൽ 6 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട് . വാല്യവേഷൻ സർട്ടിഫിക്കറ്റ് അടിസ്ഥാനമാക്കി പരമാവധി 2 ലക്ഷം രൂപ വരെയാണ് പഠനമുറിക്ക് സബ്സിഡിയായി നൽകാവുന്നത്. പരമാവധി 120 ച.അടി വിസ്തീർണ്ണമുള്ള പഠനമുറിയാണ് നിർമ്മിക്കാവുന്നത്. എന്നാൽ പരിശോധനാ റിപ്പോർട്ടിലോ വാല്യവേഷൻ സർട്ടിഫിക്കറ്റിലോ വീടിന്റെയും പുതിയ നിർമ്മിതിയുടേയും വിസ്തീർണ്ണം എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി /28.10.2022 ന് മറുപടിയായി പഠനമുറിയുടെ അളവുകൾ എഞ്ചിനീയറിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

(ബി) നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തിയാക്കി സബ്സിഡി തുക പൂർണ്ണമായും(200000) കൈപ്പറ്റിയിട്ടില്ല.

| പേര് | കൈപ്പറ്റിയ തുക | അവസാനഗഡു അനുവദിച്ച തീയതി |
|---|---|---|
| രാമചന്ദ്രൻ.കെ.കെ | 1,25,000 | 23.6.22 |
| അശോകൻ. എൻ.പി | 125000 | 7.3.22 |

പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം നിയമാനുസൃതം ധനസഹായം തിരികെ ഈടാക്കേണ്ടതുമാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-18 ലൈബ്രറി സ്റ്റോക്ക് രജിസ്റ്റർ ശരിയാംവണ്ണം രേഖപ്പെടുത്തി സൂക്ഷിച്ചില്ല.

പദ്ധതി നം. 56/22

പദ്ധതി :കിടങ്ങൂർ വി ടി ഭട്ടതിരിപ്പാട് മെമ്മോറിയൽ ലൈബ്രറിക്ക് പുസ്തകം ഫർണിച്ചർ ഡിജിറ്റൽ ലൈബ്രറി അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ.
നിർവ്വഹണം : സെക്രട്ടറി

അടങ്കൽ :385378/- (വികസന ഫണ്ട്- പൊതുവിഭാഗം)

ചെലവ് : 385378/-

ബിൽ നം. 549047/23.10.21: 334474/-

ബിൽ നം. 782533/14.12.21 : 50904/-

മേൽ പദ്ധതി പ്രകാരം ലൈബ്രറിയിലെ ആവശ്യത്തിലേക്കായി ഒരു ലക്ഷം രൂപയുടെ പുസ്തകങ്ങൾ കേരള സ്റ്റേറ്റ് ബുക്ക് മാർക്കിൽ നിന്നും (ഇൻവോയിസ് നം.KSBM/100/2021/1.9.2021) വാങ്ങിയിട്ടുണ്ട്. ആകെ 716 പുസ്തകങ്ങളാണുള്ളത്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായല്ല രേഖപ്പെടുത്തിയത്. സ്റ്റോക്ക് രജിസ്റ്ററിൽ ക്രമ നം/ബുക്ക് നം 2178 മുതൽ 3015 വരെയാണ് രേഖപ്പെടുത്തിയത്. അതായത് 838 പുസ്തകങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആകെ 716 എണ്ണമേ ലഭിച്ചിട്ടുള്ളൂ. ഇൻവോയിസ് പ്രകാരം ലഭിച്ച ബുക്കുകളുടെ ആകെ തുക കൂട്ടി സ്റ്റോക്കിൽ രേഖപ്പെടുത്തിയതും (100000/-) തെറ്റാണ്. കൂടാതെ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിൽ നിന്നും 285378/- രൂപയ്ക്ക് ഫർണിച്ചർ അനുബന്ധ, ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട് (മര അലമാര -9, മേശ -1, മര കസേര - 10 എണ്ണം). അവയുടെ രേഖപ്പെടുത്തൽ പൂർണ്ണമല്ല. ഇൻവോയിസ്, ഫർണിച്ചറിന്റെ സ്പെസിഫിക്കേഷൻ എന്നിവയൊന്നും സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റിൽ കണ്ട മേൽ പറഞ്ഞ ന്യൂനതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/29.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് കണ്ട മേൽ പറഞ്ഞ അപാകതകൾ കാരണം 385378/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി

അപാകതകൾ പരിഹരിച്ചത് പരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 വിനിയോഗ വിവരം (ഐ.കെ.എം) ലഭ്യമായിട്ടില്ല.

അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് ഐ.കെ.എം വിഹിതമായി നൽകിയ താഴെ പറയുന്ന തുകക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം. | 2/22 |
| നിർവ്വഹണം | സെക്രട്ടറി |
| ബിൽ നം.,തിയ്യതി | 7500532778/20.10.21 |
| തുക | 46258/- (പ്ലാൻ-ജനറൽ) |

രേഖകളുടെ അഭാവത്തിൽ 46258/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തുക അടവാക്കിയതിന്റെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നമുറക്ക് അറിയിക്കേണ്ടതാണ്.

## 1-20 കോവിഡ് പ്രതിരോധ നിർമ്മാർജന സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ - വിശദാംശങ്ങളില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം. | 80/22 |
| നിർവ്വഹണം | സെക്രട്ടറി. |
| ആകെ ചെലവ് | 723906/- |
| ബിൽനം.,തിയ്യതി | 500138699/18.06.21 |
| തുക | 500000/-(പ്ലാൻ-ജനറൽ) |
| ചെക്ക് നം, തിയ്യതി | 5922181/21.6.21, തുക. 223906/- |

പദ്ധതി:കോവിഡ് പ്രതിരോധ നിർമ്മാർജന സാധനങ്ങൾ ഗ്രാമ പഞ്ചായത്തുകൾക്കും സി.എച്ച്.സി കൾക്കും വിതരണം ചെയ്യൽ.

മേൽ പദ്ധതിക്കായി താഴെ കാണിച്ച ഇൻവോയിസുകൾപ്രകാരം പിപിഇ കിറ്റ്, ഗ്ലൗസ്, ഫോഗിങ്ങ് മെഷിൻ, സ്പ്രെയ്യർ, സാനിറ്റൈസർ, മാസ്ക്, ഷീൽഡ് തുടങ്ങിയവ വാങ്ങിയിട്ടുണ്ട്.

| InvoiceNo,Dt | Amount | Name Of Enterprise From Which Purchased |
|---|---|---|
| 78/28.5.21 | 324047/- | Innovative Life Science, Chalakkudy |
| 80/4.6.21 | 285205/- | Innovative Life Science, Chalakkudy |
| 93/3.6.21 | 114654/- | New Gradient BioMedicals, Majapra |

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 5.5.2021 ലെ 1(5) -ാം നമ്പർ തീരുമാനപ്രകാരം വാങ്ങിയ സാധനങ്ങൾ എല്ലാ ഗ്രാമ പഞ്ചായത്തുകളിലേക്കും,ആശ വർക്കർ, ആർ.ടി.ടി ഗ്രൂപ്പുകൾക്കുമായി വിതരണം ചെയ്യുന്നതിനായി സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഫയലിൽ മഞ്ഞപ്ര, തുറവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ഏതാനും സാധനങ്ങൾ കൈപ്പറ്റിയതായുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചതൊഴികെ മേൽ ഇൻവോയിസുകൾ പ്രകാരം വാങ്ങിയ ഭൂരിപക്ഷം സാധനങ്ങളും വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കി. മേൽ പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/29.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇൻവോയിസ് പ്രകാരം ലഭിച്ച സാധനങ്ങൾ സ്റ്റോക്കിൽ എടുത്ത് കൃത്യമായി വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാൽ പദ്ധതിയുടെ ചെലവ് തുക 723906/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 കേരള വാട്ടർ അതോറിറ്റി-ക്ക് നിക്ഷേപ പ്രവർത്തികൾക്കായി നൽകിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല.

2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നിക്ഷേപ പ്രവൃത്തി നടപ്പാക്കുന്നതിലേയ്ക്ക് കേരള വാട്ടർ അതോറിറ്റിക്ക് താഴെപ്പറയും വിധം തുക നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമായിട്ടില്ല. കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവർത്തികൾക്കായി ധനകാര്യകമ്മീഷൻ അവാർഡ് തുകയാണ് വിനിയോഗിച്ചത്.

| പ്രൊജക്റ്റ് നമ്പർ | വൗച്ചർ നമ്പർ, തിയ്യതി | തുക |
|---|---|---|
| 68 | XVFC/2021/22/P/11/28.01.22 | 524000 |

| | | |
|---|---|---|
| 71 | XVFC/2021/22/P/12/29.01.22 | 500000 |
| 81 | XVFC/2021/22/P/13/29.01.22 | 500000 |
| 119 | XVFC/2021/22/P/14/29.01.22 | 500000 |
| 133 | XVFC/2021/22/P/33/26.03.22 | 500000 |
| 134 | XVFC/2021/22/P/34/26.03.22 | 500000 |
| | ആകെ | 3024000 |

കൂടാതെ പ്ലാൻ ഫണ്ടിൽ നിന്നും 47000/- രൂപ (പ്ലാൻ – ജനറൽ) കൂടി 113/22 നം പദ്ധതി പ്രകാരം KWA യിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രവർത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ 3071000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 എസ്.സി കോളനിയിൽ കുടിവെള്ള വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ.- അപാകത.

പദ്ധതി : 70/22

പദ്ധതി : കാഞ്ഞൂർ തിരുനാരായണപുരം എസ്.സി കോളനിയിൽ കുടിവെള്ള വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ.

അടങ്കൽ : ആകെ.605950/- 578458/ (സി.എഫ്.സി), 27492/-(തനത്ഫണ്ട്)

ചെലവ് : 368200/-

വൗച്ചർ നം. XVFC/2021-22/38/28.3.22.

കാഞ്ഞൂർ തിരുനാരായണപുരം എ.സി കോളനിയിൽ കുടിവെള്ള വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ എന്ന പദ്ധതിക്കായി നടത്തിയ ഇ-ടെൻഡറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ (368200/-) ടൈടെക്ക് ട്രേഡേഴ്സ്, തിരുവനന്തപുരം, പ്രവർത്തി ഏറ്റെടുത്ത് ആയത് പൂർത്തീകരിച്ചിട്ടുള്ളതാണ്.

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പ്രാദേശിക പരിശോധനയും വിവരശേഖരണവും നടത്തിയതിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

കാഞ്ഞൂർ പഞ്ചായത്തിലെ വീടുകളിലേക്ക് കുടിവെള്ളം നൽകുവാനായി വാട്ടർടാങ്ക് നിലവിലുണ്ട്. ഈ വാട്ടർടാങ്കിലാണ് കുടിവെള്ള വാട്ടർ പ്യൂരിഫിക്കേഷൻ ആവശ്യത്തിനായി കണക്ഷൻ ഘടിപ്പിച്ചത്. അതായത് കോളനി നിവാസികളുടെ ദൈനംദിന ആവശ്യങ്ങൾക്കുള്ള മുഴുവൻ വെള്ളവും കുടിവെള്ള ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നാണ് നിലവിൽ എടുക്കുന്നത്. പദ്ധതിപ്രകാരം ഇത് ശരിയായ നടപടിയല്ല.

കുടിവെള്ള പദ്ധതിക്കായി വിഭാവനം ചെയ്ത വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും പ്രത്യേക ലൈൻ കുടിവെള്ളത്തിനായി ഘടിപ്പിച്ചിട്ടില്ല എന്ന് ബന്ധപ്പെട്ടവർ വിശദീകരിച്ചിട്ടുള്ളതാണ്. നിലവിൽ കുടിവെള്ളത്തിനല്ലാത്ത മറ്റ് ആവശ്യങ്ങൾക്കും (അലക്കൽ, കഴുകൽ, കുളി, നനക്കൽ തുടങ്ങിയവ) ഫിൽറ്റർ ചെയ്ത വെള്ളം ഉപയോഗപ്പെടുത്തുന്നതിനാൽ ഫിറ്റ് ചെയ്ത കമ്പനി ബാക്ക് വാഷ് പ്രോസസിലൂടെ ഫിൽറ്ററിലെ ചെളി പൊടി എന്നിവ ഓരോ മൂന്ന ദിവസത്തിലും പുറംതള്ളി കളയുകയാണ് ചെയ്യുന്നത്. കുടിവെള്ളത്തിനല്ലാത്ത ആവശ്യത്തിന് പ്ലാന്റ് ഉപയോഗിക്കുന്നത് മൂലം ഫിൽറ്ററിന്റെ പ്രവർത്തനം വേഗത്തിൽ നിലക്കുകയും ചെലവഴിച്ച തുകയുടെ 75 ശതമാനത്തോളം വീണ്ടും മുടക്കേണ്ടി വരികയും ഗ്യാരന്റി പിരിയിഡായ ഒരു വർഷത്തിന് ശേഷമോ മുമ്പോ പ്ലാന്റ് പ്രവർത്തനക്ഷമമല്ലാതാവുകയും ചെയ്യുന്നതാണ്. കൂടാതെ ഭാവിയിൽ എ.എം.സി ഏറ്റെടുക്കുന്നവർ വരെ കുടിവെള്ളത്തിനല്ലാതെ മറ്റ് മുഴുവൻ ദൈനംദിന ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ടി ഫിൽറ്ററിന്റെ കരാർ എടുക്കാനുള്ള സാധ്യതയും വിരളമാണ്. എടുത്താൽ തന്നെ ഭീമമായ എ.എം.സി തുക പഞ്ചായത്തിന് ബാധ്യത വരുന്നതാണ്. കുടിവെള്ള ശുദ്ധീകരണത്തിനായി വിഭാവനം ചെയ്ത പദ്ധതി അപ്രകാരമല്ലാതെ നടപ്പാക്കിയത് സംബന്ധിച്ചും മേൽപറഞ്ഞ മറ്റ് ന്യൂനതകളും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/29.1022) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-23 കെൽട്രോണിൽ നിന്നും സ്കാനർ ലഭ്യമായില്ല

പ്രൊജക്ട് - എസ്.സി.വികസന ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ വാങ്ങൽ (66/22 )

നിർവ്വഹണം - എസ്.സി.വികസന ഓഫീസർ

അടങ്കൽ -137000 (M.G- NR)

ചെലവ് - 124324

| BRN നം | ഇനം | തുക |
|---|---|---|

| | | |
|---|---|---|
| 2111096301740l018069/27.1.22 | ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ | 42799 |
| 2111096301740l018192/27.1.22 | സ്കാനർ | 7069 |
| 2111096301740l018010/27.1.22 | പ്രിന്റർ | 20018 |
| 2111096301740l018212/27.1.22 | ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ | 31133 |

പദ്ധതി പ്രകാരം എസ്.സി.വികസന ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവയ്ക്കായി 124324/- രൂപ ഐ.ടി.മിഷന് നൽകിയിട്ടുണ്ട്. ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ, പ്രിന്റർ എന്നിവ നിലവിൽ ലഭ്യമായിട്ടുണ്ട്. സ്കാനർ ലഭ്യമല്ലാത്തതിനാൽ തുക (7069) തിരികെ നൽകാമെന്ന് കെൽട്രോൺ അറിയിച്ചെങ്കിലും നിർവഹണഉദ്യോഗസ്ഥന് ബാങ്ക് അക്കൌണ്ട് ഇല്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ വിവരം അറിയിക്കുകമാത്രമാണ് ചെയ്തിട്ടുള്ളത്. തുടർ നടപടികൾ സ്വീകരിച്ച് കെൽട്രോണിൽ നിന്നും സ്കാനറിനുള്ള തുക തിരികെ ലഭ്യമാക്കേണ്ടതാണ്. അതുവരെ കെൽട്രോണിന് നൽകിയ 7069/- രൂപ തടസ്സപ്പെടുത്തുന്നു

## 1-24 തുക മുൻകൂർ നൽകിയെങ്കിലും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | 61/22 |
| പ്രോജക്ടിന്റെപേര് | ക്ഷീര വികസന ഓഫീസിലേക്ക് കമ്പ്യൂട്ടർ, യുപിഎസ്, ഫർണിച്ചർ എന്നിവ വാങ്ങൽ |
| അടങ്കൽ | 2,79,000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 2,75,045/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ക്ഷീര വികസന ഓഫീസർ |
| ബിൽ.നം, തീയതി | 05/21-22, 21.12.2021 → 60008 (കമ്പ്യൂട്ടർ)<br>06/21-22, 21.12.2021 → 20018 (പ്രിന്റർ)<br>07/21-22, 21.12.2021 → 23305 (യുപിഎസ്)<br>14/21-22, 03.02.2022 → 111936 (ഫർണിച്ചർ)<br>18/21-22, 22.03.2022 → 59778 (ഫർണിച്ചർ) |

ക്ഷീര വികസന ഓഫീസിലേക്ക് കമ്പ്യൂട്ടർ, യുപിഎസ്, പ്രിന്റർ എന്നിവ വാങ്ങുന്നതിനായി CPRCS പോർട്ടലിൽ രജിസ്റ്റർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കെൽട്രോണിൽ നിന്നും താഴെപ്പറയും പ്രകാരം പ്രോഫോർമ ഇൻവോയ്സുകൾ ലഭിക്കുകയും അയതിന്റെ അടിസ്ഥാനത്തിൽ തൻവർഷം കെൽട്രോണിന് 103331/-രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ.നം | കെൽട്രോൺ- ഇൻവോയ്സ് നം, തീയതി | ഉപകരണങ്ങളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ |
|---|---|---|
| 1 | 32323/25.11.2021 | ഡെസ്ക്ടോപ്പ് Medium End Ubuntu Intel(2എണ്ണം)- @30004=60008/- |
| 2 | 32321/25.11.2021 | പ്രിന്റർ (1എണ്ണം) = 20018/- |
| 3 | 32322/25.11.2021 | 1 KVAയുപിഎസ് Medium End (1എണ്ണം) =23305/- |
| | ആകെ | 103331/- |

എന്നാൽ ഉപകരണങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല. മുൻകൂറായി തുക നൽകിയെങ്കിലും കെൽട്രോണുമായി കരാർ ചമച്ചിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/27.10.2022) പ്രോഫോർമ ഇൻവോയ്സുകൾ പ്രകാരം തുക അടവാക്കിയ ശേഷം സ്റ്റോക്ക് ഇല്ലാതിരുന്നതിനാൽ പർച്ചേസ് ഓർഡർ നൽകാൻ സാധിച്ചില്ലെന്നും പിന്നീട് സ്റ്റോക്ക് ലഭ്യമായപ്പോൾ ബില്ല് മാറിയ തുകയേക്കാൾ വില വർദ്ധിച്ചതിനാൽ വർദ്ധിച്ച തുകയ്ക്ക് മാത്രമേ ഉപകരണങ്ങൾ ലഭ്യമാക്കാൻ കഴിയൂ എന്നും കെൽട്രോണിൽ നിന്നും അറിയിപ്പ് ലഭിച്ചതായി മറുപടി നൽകി. നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ച് ഉപകരണങ്ങൾ ലഭ്യമാക്കുകയോ തുക തിരികെ വാങ്ങി സർക്കാരിലേക്ക് ഒടുക്കുകയോ ചെയ്യേണ്ടതാണ്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവ് തുകയായ 103331/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 മുൻകൂർ തുക നൽകിയിട്ടും കമ്പ്യൂട്ടർ അനുബന്ധഉപകരണങ്ങൾ ലഭ്യമായില്ല

| | |
|---|---|
| പ്രൊജക്ട് | അഡീഷണൽ ഐ.സി.ഡി.എസ് ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധഉപകരണങ്ങൾ (47/22) |
| നിർവ്വഹണം | സി.ഡി.പി.ഒ (അഡീഷണൽ) |
| അടങ്കൽ | ₹170000/- (MG -NR) |
| ചെലവ് | ₹ 16,5421/- |
| ബിൽ നമ്പർ | 3/10.11.2021 |

കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള പദ്ധതി പ്രകാരം 16,5421/- രൂപ മുൻകൂറായി ഐ.ടി.മിഷന് (കെൽട്രോണിന്) നൽകിയിട്ടുണ്ട്. കെൽട്രോണിന്റെ താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരമുള്ള തുകയാണ് മുൻകൂറായി നൽകിയത്.

| ഇനം | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|
| ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ | 30867/13.10.21 | 85598 |
| ലേസർ പ്രിന്റർ | 30868/13.10.21 | 59805 |
| മൾട്ടിഫങ്ഷൺ പ്രിന്റർ | 30871/13.10.21 | 20018 |
| | | 165421 |

എന്നാൽ ഉപകരണങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല. ഉപകരണങ്ങൾ ലഭ്യമാക്കുവാൻ തുടർനടപടികളൊന്നും സ്വീകരിച്ചതായും രേഖയില്ല. മുൻകൂറായി തുക നൽകിയെങ്കിലും കെൽട്രോണുമായി കരാർ ചമച്ചിട്ടില്ല.

നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ച് ഉപകരണങ്ങൾ ലഭ്യമാക്കുകയോ തുക തിരികെ വാങ്ങി സർക്കാരിലേക്ക് ഒടുക്കുകയോ ചെയ്യേണ്ടതാണ്.
വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/29.8.22) മറുപടി ലഭിച്ചില്ല. തുടർനടപടികൾ സ്വീകരിച്ച് കമ്പ്യൂട്ടറുകൾ ലഭ്യമാക്കുകയോ തുക തിരികെ വാങ്ങി സർക്കാരിലേക്ക് ഒടുക്കുകയോ ചെയ്യേണ്ടതാണ്. അതുവരെ ചെലവ് തുകയായ 165421 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | വാർഷിക ഓഡിറ്റിന്റെ ഭാഗമായാണ് അക്കൌണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | |

### 4-2 സംയുക്ത പ്രൊജക്ടുകളുടെ വിവരം

| വിഹിതം | മുന്നിരിപ്പ് | തുക | തൻവർഷം | പ്രൊജക്ടിന്റെ പേര് | 2020-21 | നീക്കി |
|---|---|---|---|---|---|---|

| നൽകിയ സ്ഥാപനം | | ലഭിച്ച വർഷം | ലഭിച്ച തുക | | ചെലവ് | യിരുപ്പ് |
|---|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 0 | 2021-22 | 7,00,000 | ഭവന പദ്ധതി, ഗ്രാമ പഞ്ചായത്ത് വിഹിതം | 7,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 2021-22 | 13,72,000 | ഭവന പദ്ധതി, ജില്ലാ പഞ്ചായത്ത് വിഹിതം | 13,72,000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കറുകുറ്റി ഗ്രാമപഞ്ചായത്തിലെ വാർഡ് 9 ൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം: 68/21-22) | XVFC/2021-22/P/11 28.01.2022 | 524000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 524000/- |
| | കറുകുറ്റി ഗ്രാമപഞ്ചായത്തിലെ മുന്നൂർപ്പിള്ളി അയ്യങ്കാളി എസ് സി കോളനി സമ്പൂർണ്ണ കുടിവെള്ള പദ്ധതി (പ്രോജക്ട് നം: 71/21-22) | XVFC/2021-22/P/12 29.01.2022 | 5,00,000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 5,00,000/- |
| | കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ 1,2,3 വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം: 81/21-22) | XVFC/2021-22/P/13 29.01.2022 | 500000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 500000/- |
| | മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് വാർഡ് 4 ഗാന്ധിനഗർ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം: 119/21-22) | XVFC/2021-22/P/14 29.01.2022 | 500000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 500000/- |
| | മലയാറ്റൂർ ഗ്രാമപഞ്ചായത്തിലെ 2,14,17 | XVFC/2021-22/P/33 26.03.2022 | 500000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 500000/- |

| | | | | | |
|---|---|---|---|---|---|
| | വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ (പ്രോജക്ട് നം: 133/21-22) | | | | |
| | ഇറവൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 10 ൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ (പ്രോജക്ട് നം: 134/21-22) | XVFC/2021-22/P/34 26.03.2022 | 500000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 500000/- |
| ആകെ | | | | | 3024000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലഭിച്ച വരവ് 32/- രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം. തീയതി |
|---|---|---|---|---|
| 2000-01 | 3.9 | 32 | സ്പെഷ്യൽ തഹസിൽദാർ(RR), ആലുവ | ചെലാൻ നമ്പർ KL021969885202122M തീയതി : 18.01.2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3.6 | 2005-06 | 2.3.5.1 | ജനകീയ ഭവന പദ്ധതി അപാകതകൾ | ജില്ലാ പഞ്ചായത്തിനോട് നടപടി ആവശ്യപ്പെട്ടിട്ടുണ്ട് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,56,49,631 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,55,84,247 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7395457 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 2387500 | സായാഹ്ന കെ.ജെ, സി.ഡി.പി.ഒ, അഡീഷണൽ |
| 1-13 | 505594 | ദേവി. എൻ, സി.ഡി.പി.ഒ |
| 1-18 | 385378 | അജയ് എ.ജെ, സെക്രട്ടറി |
| 1-19 | 46258 | അജയ് എ.ജെ, സെക്രട്ടറി |
| 1-20 | 723906 | അജയ് എ.ജെ, സെക്രട്ടറി |
| 1-21 | 3071000 | അജയ് എ.ജെ, സെക്രട്ടറി |
| 1-23 | 7069 | എൽദോസ് എം.പി. ,<br>എസ്.സി.വികസന ഓഫീസർ |
| 1-24 | 103331 | അജിതാമോൾ,<br>ക്ഷീര വികസന ഓഫീസർ |
| 1-25 | 165421 | സായാഹ്ന കെ.ജെ, സി.ഡി.പി.ഒ അഡീഷണൽ |
| ആകെ | 7395471 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അജയ്. എ. ജെ,<br>സെക്രട്ടറി | സെക്രട്ടറി | അച്ചിക്കല്ലേൽ വീട് ,<br>ചിലാവ് , തൊടുപുഴ |
| ശ്രീമതി.സായാഹ്ന കെ.ജെ,<br>സി.ഡി.പി.ഒ അഡീഷണൽ | സി.ഡി.പി.ഒ അഡീഷണൽ<br>അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | രാഗസന്ദേശ് വീട്,<br>വല്ലാർപ്പാടം - 682504 |
| ശ്രീമതി.ദേവി. എൻ,<br>സി.ഡി.പി.ഒ | സി.ഡി.പി.ഒ, അങ്കമാലി<br>ബ്ലോക്ക് പഞ്ചായത്ത് | കലത്തിമ്മേക്കാട്,<br>പാറക്കടവ് (പി.ഒ),<br>എറണാകുളം |
| ശ്രീ.എൽദോസ് എം.പി,<br>എസ്.സി.വികസന<br>ഓഫീസർ | എസ്.സി.വികസന ഓഫീസർ,<br>അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | മറ്റത്തിൽ വീട്,<br>നേര്യമംഗലം-686693 |
| അജിതാമോൾ,<br>ക്ഷീര വികസന ഓഫീസർ | ക്ഷീര വികസന ഓഫീസർ<br>അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | മുപ്പത്തടത്തിൽ വീട്<br>സൗത്ത് വാഴക്കുളം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ |
|---|---|---|

| | | എണ്ണം |
|---|---|---|
| 1999-2000 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 1697/2019 തീ.04.10.2019 | 1 |
| 2000-2001 | ,, | 2 |
| 2001-2002 | ,, | 1 |
| 2003-2004 | ,, | 3 |
| 2007-2008 | ,, | 6 |
| 2008-2009 | ,, | 1 |
| 2009-2010 | ,, | 1 |
| 2012-2013 | ,, | 1 |
| 2016-2017 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 1165/2019 തീ.30.09.2019 | 3 |
| 2017-2018 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 288/2019 തീ.11.07.2019 | 8 |
| 2018-2019 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 1587/2019 തീ.17.06.2020 | 4 |
| 2019-2020 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 933/2019 തീ.06.12.2021 | 34 |
| 2020-2021 | കെ.എസ്.എ ഇ.കെ.എം (ബി.പി.)552/22 തീ.03.06.2022 | 12 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്